## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2248 06.10.2016 -ലെ മറുപടിയ്ക്ക്

### വിവിധ സർവ്വകലാശാലകളിൽ നിലവിലുള്ള അസിസ്റ്റന്റ് ഒഴിവുകൾ

ചോദ്യം

ശ്രീമതി. പി. അയിഷാ പോറ്റി :

ഉത്തരം

പ്രൊഫ. സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിലവിലുള്ള അസിസ്റ്റന്റ് ഒഴിവുകൾ സർവ്വകലാശാലകൾ അടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ; | (എ) | കേരള സർവ്വകലാശാല - 234<br><br>എം. ജി. സർവ്വകലാശാല – 118. പി.എസ്.സി. ലഭ്യമാക്കിയ അഡ്വൈസ് മെമ്മോ പ്രകാരം നിയമനം നടന്നുവരുന്നു.<br><br>കാലിക്കറ്റ് സർവ്വകലാശാല – ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല . 30.01.2016 ന് പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്കലിസ്റ്റിൽ നിന്നും നിയമനം നൽകികൊണ്ടിരിക്കുന്നു.<br><br>കുസാറ്റ് - നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേക്ക് പി എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു.<br><br>കണ്ണൂർ സർവ്വകലാശാല - 75<br><br>അബ്ദുൽ കലാം ടെക്ക്നോളജിക്കൽ സർവ്വകലാശാല -20<br><br>മലയാള സർവ്വകലാശാല – തസ്തിക സൃഷ്ടിച്ചിട്ടില്ല.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല – 1 |
| (ബി) | പ്രസ്തുത ഒഴിവുകളിൽ, പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിവരം വെളിപ്പെടുത്തുമോ; | (ബി) | കേരള സർവ്വകലാശാല – 232 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>എം. ജി. സർവ്വകലാശാല –31.05.2016 ന് ശേഷമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കാലിക്കറ്റ് സർവ്വകലാശാല – ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല . 30.01.2016 ന് പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്കലിസ്റ്റിൽ നിന്നും നിയമനം നൽകികൊണ്ടിരിക്കുന്നു.<br><br>കുസാറ്റ് - നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേക്ക് പി എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടന്നുവരുന്നു.<br><br>കണ്ണൂർ സർവ്വകലാശാല - 71<br><br>ജി.ഒ.(എം.എസ്.) നം.174/216/ഉവിവ തീയതി 06.08.2016 ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ , അസിസ്റ്റന്റ് രജിസ്ട്രാർ , സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻമുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യിട്ടില്ല.<br><br>മലയാള സർവ്വകലാശാല – തസ്തിക സൃഷ്ടിച്ചിട്ടില്ല.<br><br>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല – 1 |
| (സി) | സർവ്വകലാശാലകളിലെ ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ അധികൃതർ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ